(എഫ്) മാവേലി സ്റ്റോറുകളിലൂടെയും, റേഷൻകടകളിലൂടെയും മേൽപ്പറഞ്ഞ സാധനങ്ങൾ വിൽക്കാതിരിക്കാനുണ്ടായ കാരണമെന്തായിരുന്നു ;

(ജി) ഇതുമൂലം വന്ന നഷ്ടത്തിന് ആരാണുത്തരവാദികൾ ;

(എച്ച്) ഉത്തരവാദികളായവരിൽനിന്ന് നഷ്ടം വന്ന സംഖ്യ ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനായി വാങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ മൊത്തമായി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിറ്റിട്ടില്ല

(ബി, സി, ഡി, ഇ, എഫ്, ജി, എച്ച്) ചോദ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ബോർഡിന്റെ ആഫീസുകൾ

1588. [2356] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ കാനം രാജേന്ദ്രൻ :
,, കെ പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കീഴിലുള്ള എത്ര ആഫീസുകൾ നിർത്തലാക്കി ;

(ബി) അവ ഏതെല്ലാം ആഫീസുകളാണെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണപരമായ സൗകര്യങ്ങൾ മുൻനിർത്തി ആഫീസുകളുടെ സംവിധാനത്തിൽ ചില ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ ആഫീസുകൾ നിർവഹിക്കേണ്ട ചുമതലകളുടെ അടിസ്ഥാനത്തിൽ നോക്കുന്നപക്ഷം ആഫീസുകൾക്ക് പുതിയ പേരു കൊടുത്തുവെന്നല്ലാതെ അവ നിർത്തിയെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

ഈ വർഷം ആരംഭിക്കുന്ന ജല വൈദ്യുത പദ്ധതികൾ

1589. [2358] ശ്രീ. ടി. കെ. ഹംസ :
,, വി ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ?

LIBRARY ARCHIVES Kerala Legislative Assembly